പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 220

# 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 220

2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ

869/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 220

# 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ

1967-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ
നിരോധന ആക്റ്റ് ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1967-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന ആക്റ്റ് (1967-ലെ 11) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തൊമ്പതാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ആക്റ്റ് എന്ന പേര് പറയാം.

(2) ഇത് 2007 ഡിസംബർ 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 5-ാം വകുപ്പിന്റെ ഭേദഗതി.—1967-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന ആക്റ്റ് (1967-ലെ 11) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിൽ "കാണപ്പെടുന്നതായാൽ" എന്ന വാക്കിനുശേഷം "അത്തരത്തിലുള്ള സ്ഥലങ്ങളിൽ അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചതോ ഉപയോഗിക്കാവുന്നതോ ആയ യന്ത്രങ്ങളും സജ്ജീകരണങ്ങളും മറ്റു ഉപകരണങ്ങളും" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

3. 5എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 5-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"5എ. പിടിച്ചെടുത്ത അസംസ്കൃത കശുവണ്ടിയുടെ വില്പന.—(1) ഈ ആക്റ്റിന്റെ മറ്റ് ഏതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 5-ാം വകുപ്പുപ്രകാരം അസംസ്കൃത കശുവണ്ടി പിടിച്ചെടുക്കുന്ന സംഗതിയിൽ, അത്തരം അസംസ്കൃത കശുവണ്ടി പിടിച്ചെടുത്ത പ്രദേശത്തു അധികാരിതയുള്ള റവന്യൂ

869/2008.

ഡിവിഷണൽ ആഫീസർക്ക് അകാരണമായ കാലതാമസം കൂടാതെ, അപ്രകാരമുള്ള പിടിച്ചെടുക്കലിന്റെ ഒരു റിപ്പോർട്ട് നൽകേണ്ടതും, അത്തരം അസംസ്കൃത കശുവണ്ടിയെ സംബന്ധിച്ച്, ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചതിന് ശിക്ഷാനടപടി ആരംഭിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും റവന്യൂ ഡിവിഷണൽ ആഫീസർക്ക്, അദ്ദേഹത്തിന് അപ്രകാരം ചെയ്യുന്നത് യുക്തമെന്ന് തോന്നുന്നപക്ഷം അപ്രകാരം പിടിച്ചെടുത്ത അസംസ്കൃത കശുവണ്ടി അദ്ദേഹത്തിന്റെ മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

(2) അസംസ്കൃത കശുവണ്ടി പിടിച്ചെടുത്തതു സംബന്ധിച്ച് ഒരു റിപ്പോർട്ട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ലഭിക്കുന്നതിന്മേലും (1)-ാം ഉപവകുപ്പുപ്രകാരമുള്ള പരിശോധനയിന്മേലും അസംസ്കൃത കശുവണ്ടി പെട്ടെന്നും സ്വാഭാവികമായും നശിക്കുമെന്നോ അല്ലെങ്കിൽ അപ്രകാരം ചെയ്യുന്നത് മറ്റുവിധത്തിൽ പൊതുതാൽപര്യത്തിന് യുക്തമാണെന്നോ അദ്ദേഹത്തിന് അഭിപ്രായമുണ്ടെങ്കിൽ, ആയത്, സാഹചര്യം ന്യായീകരിക്കുന്നതുപോലെ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനോ അല്ലെങ്കിൽ കേരള സംസ്ഥാന അപ്പക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തത്തിനോ നിലവിലുള്ള കമ്പോള നിരക്കിലോ അല്ലെങ്കിൽ പൊതുലേലത്തിലോ വിൽക്കാൻ അദ്ദേഹത്തിന് ഉത്തരവ് നൽകാവുന്നതാണ്.

(3) ഈ വകുപ്പുപ്രകാരം പിടിച്ചെടുത്ത ഏതെങ്കിലും അസംസ്കൃത കശുവണ്ടി അപ്രകാരം വിൽക്കുന്നതിന് റവന്യൂ ഡിവിഷണൽ ആഫീസർ ഉത്തരവ് നൽകുന്നിടത്ത്, അദ്ദേഹം അപ്രകാരം പിടിച്ചെടുത്ത അസംസ്കൃത കശുവണ്ടിയുടെ വിവരണം, ഗുണനിലവാരം, അളവ്, പായ്ക്ക് ചെയ്ത രീതി, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും നടപടിയിൽ പിടിച്ചെടുത്ത അസംസ്കൃത കശുവണ്ടി തിരിച്ചറിയുന്നത് തെളിയിക്കുവാൻ പ്രസക്തമാണെന്ന് റവന്യൂ ഡിവിഷണൽ ആഫീസർ കരുതുന്ന മറ്റു വിവരങ്ങളും സംബന്ധിച്ച് ഒരു ഇൻവെന്ററി തയ്യാറാക്കേണ്ടതും, ഏതെങ്കിലും മജിസ്ട്രേറ്റിന്,—

(എ) അപ്രകാരം തയ്യാറാക്കിയ ഇൻവെന്ററിയുടെ കൃത്യത സാക്ഷ്യപ്പെടുത്തുക ; അല്ലെങ്കിൽ

(ബി) അപ്രകാരമുള്ള അസംസ്കൃത കശുവണ്ടിയുടെ ഫോട്ടോ, മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ എടുക്കുകയും, അത്തരം ഫോട്ടോ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുക,—

എന്നീ ആവശ്യങ്ങൾക്കായി അപേക്ഷ കൊടുക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ സമർപ്പിക്കുന്നിടത്ത്, കഴിയുന്നത്ര വേഗം, ആ അപേക്ഷ മജിസ്ട്രേറ്റ് അനുവദിക്കേണ്ടതാണ്.

(5) 1872-ലെ ഇൻഡ്യൻ തെളിവ് നിയമത്തിലോ (1872-ലെ 1-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ 2-ാം, കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം ഒരു കുറ്റം വിചാരണ ചെയ്യുന്ന ഏതൊരു കോടതിയും, മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ പിടിച്ചെടുത്ത അസംസ്കൃത കശുവണ്ടിയുടെ ഇൻവെന്ററിയും ഫോട്ടോയും ആ കുറ്റത്തെ സംബന്ധിച്ചിടത്തോളം പ്രാഥമിക തെളിവായി കണക്കാക്കേണ്ടതാണ്.



(6) (2)-ാം ഉപവകുപ്പുപ്രകാരം അസംസ്കൃത കശുവണ്ടി വിൽക്കുന്നിടത്ത്, അതിന്റെ വിറ്റുവരവ് അപ്രകാരമുള്ള വിൽപ്പനയിലെ എന്തെങ്കിലും ചെലവോ അതുമായി ബന്ധപ്പെട്ട മറ്റു ആനുഷംഗിക ചെലവോ കുറവ് ചെയ്തതിനുശേഷം, ഈ ആക്റ്റിന്റെ ലംഘനത്തിന് ഏതെങ്കിലും ശിക്ഷാനടപടി ആരംഭിച്ചിട്ടുണ്ടെങ്കിൽ, കോടതിയുടെ ഉത്തരവിനു വിധേയമായോ അല്ലെങ്കിൽ ശിക്ഷാനടപടി ആരംഭിച്ചിട്ടില്ലെങ്കിൽ അസംസ്കൃത കശുവണ്ടി പിടിച്ചെടുത്ത ബന്ധപ്പെട്ട ഇൻസ്പെക്ടറുടെ ഉത്തരവിനു വിധേയമായോ, റവന്യൂ നിക്ഷേപത്തിൽ സൂക്ഷിക്കേണ്ടതാണ്.

(7) ആരിൽനിന്നുമാണോ അസംസ്കൃത കശുവണ്ടി പിടിച്ചെടുത്തത് ആ ആളിന് പറയാനുള്ളത് പറയാൻ ഒരു അവസരം നൽകാതെ ഈ സംഗതിയിൽ ഈ വകുപ്പുപ്രകാരം, വില്പനയ്ക്കുള്ള യാതൊരു ഉത്തരവും പാസ്സാക്കുവാൻ പാടുള്ളതല്ല.".

4. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 6-ാം വകുപ്പിനുപകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"6. ശിക്ഷകൾ.—ഏതെങ്കിലും ആൾ, 4-ാം വകുപ്പിലെ വ്യവസ്ഥകളോ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടമോ ലംഘിക്കുകയോ ലംഘിക്കാൻ ശ്രമിക്കുകയോ ലംഘിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നപക്ഷം, അയാളെ, രണ്ടു വർഷക്കാലംവരെയാകാവുന്നതും എന്നാൽ ആറ് മാസത്തിൽ കുറയാൻ പാടില്ലാത്തതുമായ തടവും ഒരു ലക്ഷം രൂപവരെയാകാവുന്നതും എന്നാൽ ഇരുപത്തയ്യായിരം രൂപയിൽ കുറയാൻ പാടില്ലാത്തതുമായ പിഴയും ആവർത്തിച്ചുള്ള ലംഘനത്തിന്റെ സംഗതിയിൽ അത്തരത്തിലുള്ള ഓരോ ലംഘനത്തിനും പതിനായിരം രൂപവരെയാകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.".

5. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിൽ "കാണപ്പെട്ടിരുന്നാൽ" എന്ന വാക്കിനുശേഷം "അത്തരം ലംഘനത്തിനുപയോഗിച്ച യന്ത്രങ്ങളും, സജ്ജീകരണങ്ങളും മറ്റ് ഉപകരണങ്ങളും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ഓർഡിനൻസ് (2008-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ അല്ലെങ്കിൽ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ അല്ലെങ്കിൽ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1967-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന ആക്റ്റിലെ നിലവിലുള്ള വ്യവസ്ഥകളിൽ, ആക്റ്റിൻകീഴിൽ പിടിച്ചെടുത്ത കശുവണ്ടിയുടെ സത്വരമായ വില്പനയ്ക്ക് യാതൊരു വ്യവസ്ഥയും ഇപ്പോൾ ഇല്ല. കശുവണ്ടി

നശിച്ചുപോകുന്ന ഒരു വിത്താണ്. അതിനാൽ പിടിച്ചെടുത്തതിനുശേഷമുള്ള അതിന്റെ വില്പന നടപടികളുടെ കാലതാമസംമൂലം പിടിച്ചെടുത്ത കശുവണ്ടിക്ക് നാശം വരുന്നത് ഒഴിവാക്കുന്നതിനായി, അധികാരസ്ഥാനത്തിന്, പിടിച്ചെടുത്ത കശുവണ്ടി സത്വരമായി വില്പന നടത്താൻ കഴിയുന്നതിന് പ്രധാന ആക്റ്റിൽ 5എ വകുപ്പ് ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചു.

2. കൂടാതെ 1967-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ ആക്റ്റ് പ്രകാരം ഒരു രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറിയിലെ കശുവണ്ടി സംസ്കരണം നിരോധിച്ചിരുന്നു. സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള ഈ നിരോധനം ഉണ്ടെങ്കിലും രജിസ്റ്റർ ചെയ്യാത്ത ധാരാളം കശുവണ്ടി ഫാക്ടറികൾ, സംസ്ഥാനത്ത് ഇപ്പോഴും കശുവണ്ടി സംസ്കരണം നടത്തുകയും അവ തൊഴിലാളികൾക്ക് ലഭിക്കേണ്ട സ്റ്റാറ്റ്യൂട്ടറിയായുള്ള ആനുകൂല്യങ്ങൾ നൽകാതെ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. മേൽപ്പറഞ്ഞ ആക്റ്റിലെ നിലവിലുള്ള വ്യവസ്ഥകൾ സംസ്ഥാനത്തു പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികളെ പൂർണ്ണമായി നിരോധിക്കുന്നതിന് പര്യാപ്തമല്ല. ആയതിനാൽ ഈ ആക്റ്റിൽ നിർണ്ണയിച്ചിട്ടുള്ള ശിക്ഷ വർദ്ധിപ്പിക്കുന്നതിന് ആക്റ്റിലെ 6-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ കൂടുതൽ കർശനമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

3. മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി 1967-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 119-ാം ബില്ലായി പ്രസിദ്ധീകരിച്ചെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിന് സാധിച്ചില്ല. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, സത്വര നിയമനിർമ്മാണം നടത്തേണ്ട സാഹചര്യം നിലനിൽക്കുന്നതായി ഗവർണ്ണർക്ക് ബോദ്ധ്യപ്പെട്ടതിനാലും, ഗവർണ്ണർ 2007-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ഓർഡിനൻസ് (2007-ലെ 63) 2007, ഡിസംബർ 12-ാം തീയതി വിളംബരപ്പെടുത്തുകയും, ആയത് 2007, ഡിസംബർ 13-ാം തീയതിയിലെ 2242-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2007-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ഓർഡിനൻസി (2007-ലെ 63)-നുപകരം ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 157-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചെങ്കിലും ആയത് 2008, ഫെബ്രുവരി 20-ാം തീയതി ആരംഭിച്ച് 2008, മാർച്ച് 19-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതുള്ളതിനാലും, 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ഓർഡിനൻസ് (2008-ലെ 7) 2008, ഏപ്രിൽ 1-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2008, ഏപ്രിൽ 1-ാം തീയതിയിലെ 657-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2008-ലെ 7-ാം നമ്പർ ഓർഡിനൻസിനുപകരം ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 189-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2008, ജൂൺ 23-ാം തീയതി ആരംഭിച്ച് 2008, ജൂലൈ 24-ാം തീയതി അവസാനിച്ച കേരള സംസ്ഥാന



നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തേണ്ടതുള്ളതിനാലും, 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ഓർഡിനൻസ് (2008-ലെ 25), 2008, ആഗസ്റ്റ് 1-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2008, ആഗസ്റ്റ് 2-ാം തീയതിയിലെ 1679-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2008-ലെ 25-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. ഗുരുദാസൻ

(ശരിത്തർജ്ജമ)

## 1967-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

** ** **

5. ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ.—(1) 4-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും പുരയിടത്തിൽ കശുവണ്ടി സംസ്കരിച്ചുകൊണ്ടിരിക്കുന്നതായോ, സംസ്കരിക്കാൻ പോകുന്നതായോ വിശ്വസിക്കുവാൻ ഒരു ഇൻസ്പെക്ടർക്ക് കാരണമുണ്ടെങ്കിൽ അദ്ദേഹത്തിന്—

(എ) ആ പുരയിടത്തിൽ, ആ പുരയിടം പരിശോധിക്കുന്നതിനുവേണ്ടി ആവശ്യമാണെങ്കിൽ ബലം പ്രയോഗിച്ച് പ്രവേശിക്കാവുന്നതാണ് ;

(ബി) 4-ാം വകുപ്പിലെ വ്യവസ്ഥകൾ ഏതു കശുവണ്ടിയുടെ കാര്യത്തിലാണോ ലംഘിച്ചുകൊണ്ടിരിക്കുകയോ ലംഘിക്കാൻ പോവുകയോ ചെയ്യുന്നത് അങ്ങനെയുള്ള ഏതൊരു കശുവണ്ടിയും, ആ കശുവണ്ടി ഏതെങ്കിലും കെട്ടിലോ പൊതിയിലോ പാത്രത്തിലോ കാണപ്പെടുന്നതായാൽ ആ കെട്ടോ പൊതിയോ പാത്രമോ സഹിതം പിടിച്ചെടുക്കാവുന്നതാണ് ;

(സി) 4-ാം വകുപ്പിലെ വ്യവസ്ഥകൾ ഏതു കശുവണ്ടിയുടെ കാര്യത്തിലാണോ ലംഘിച്ചുകൊണ്ടിരിക്കുകയോ, ലംഘിക്കാൻ പോവുകയോ ചെയ്യുന്നത് ആ കശുവണ്ടിയെ സംബന്ധിച്ച ഏതെങ്കിലും കണക്കുബുക്കോ, റിട്ടേണോ, രേഖയോ പിടിച്ചെടുക്കാവുന്നതാണ്.

(2) പരിശോധനയും പിടിച്ചെടുക്കലും സംബന്ധിച്ച് 1898-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1898-ലെ 5-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ ഈ വകുപ്പുപ്രകാരം പരിശോധിക്കുകയും പിടിച്ചെടുക്കുകയും ചെയ്യുന്നതിന് പ്രായോഗികമായിടത്തോളം ബാധകമാണ്.

6. ശിക്ഷകൾ.—ആരെങ്കിലും 4-ാം വകുപ്പിലെ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലെയോ വ്യവസ്ഥകൾ, ലംഘിക്കുകയോ, ലംഘിക്കാൻ ശ്രമിക്കുകയോ അല്ലെങ്കിൽ ലംഘിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ അയാൾക്ക് ആറു മാസത്തോളം വരാവുന്ന കാലത്തെ തടവോ ആയിരം രൂപയോളം വരാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുമോ അതും ലംഘനം തുടർച്ചയായി നടത്തുന്ന സംഗതിയിൽ ആദ്യത്തെ അത്തരം ലംഘനത്തിനുള്ള കുറ്റ സ്ഥാപനത്തിനുശേഷം അങ്ങനെ ലംഘനം നടത്തുന്ന കാലത്ത് ഓരോ ദിവസത്തിനും നൂറു രൂപയോളം വരാവുന്ന അധിക പിഴയും ശിക്ഷ നൽകേണ്ടതാകുന്നു.

** ** **



8. കശുവണ്ടിയും മറ്റും പിഴയായി അടക്കിയെടുക്കൽ.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയോ ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ലംഘിച്ചതിന് ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും ആളുടെമേൽ കുറ്റം സ്ഥാപിച്ചിട്ടുള്ളപക്ഷം, ഏതു കശുവണ്ടിയുടെ കാര്യത്തിലാണോ ലംഘനം നടത്തിയിട്ടുള്ളത് ആ കശുവണ്ടി, അത് ഏതെങ്കിലും കെട്ടിലോ പൊതിയിലോ പാത്രത്തിലോ കാണപ്പെട്ടിരുന്നാൽ ആ കെട്ടോ പൊതിയോ പാത്രമോ സഹിതം കോടതി അതിലേക്ക് പുറപ്പെടുവിക്കുന്ന ഉത്തരവിന്മേൽ ഗവൺമെന്റിലേക്ക് പിഴയായി അടക്കിയെടുക്കേണ്ടതാകുന്നു.

** ** **

** ** **